CTMA
CONFEDERATION OF TAMILNADU MALAYALEE ASSOCIATIONS

ആവണിപ്പൂവരങ്ങ്-2024
'വയനാടിനൊരു സ്നേഹസ്പർശം...'
A FUND RAISING EVENT BY CTMA FOR WAYANAD REHABILITATION

സി.ടി.എം.എ ഓണാഘോഷമായ ആവണിപ്പൂവരങ്ങ് 2024 ഒക്ടോബർ മാസം 05, 06 തീയതികളിൽ ചെന്നൈ, പൂനമല്ലി ഹൈ റോഡ് പച്ചയ്യപ്പാസ് മെട്രോ സ്റ്റേഷനടുത്തുള്ള സെന്റ് ജോർജ് ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കന്ററി സ്കൂൾ മൈതാനത്ത് വച്ചാണ് ആവണിപ്പൂവരങ്ങ് നടക്കുക. ഈ വർഷത്തെ ആഘോഷപരിപാടികൾ കരുതലിന്റെയും സ്നേഹസ്പർശത്തിന്റേതുമായിരിക്കും. പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായി ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്ന വയനാട്ടിലെ സമൂഹത്തിന്റെ പുനരധിവാസത്തിന് നമ്മളാൽ കഴിയുന്ന പരമാവധി ധനസമാഹരണം നടത്തി പുനരധിവാസത്തിന് സഹായമാവുക എന്നുള്ളതാണ് ഈ വർഷത്തെ ആവണിപ്പൂവരങ്ങിന്റെ മുഖ്യ ലക്ഷ്യം.

ഒക്ടോബർ 05 ശനിയാഴ്ച ഉച്ചക്ക് 2:30 മണിക്ക് പതാക ഉയർത്തുന്നതോടുകൂടി ആഘോഷങ്ങൾ ആരംഭിക്കും. തുടർന്ന് കവിസമ്മേളനം, വടംവലി മത്സരം, ചെണ്ടമേളം, തുടങ്ങിയവ നടക്കും. വൈകുന്നേരം 5 മണി മുതൽ അംഗസംഘടനകൾ അവതരിപ്പിക്കുന്ന കലാപരിപാടികളായ 'പ്രവാസീയം' അരങ്ങേറും.

ഒക്ടോബർ 06 ഞായറാഴ്ച രാവിലെ 8:30 മണി മുതൽ ആവണിപ്പൂവരങ്ങിലെ പ്രധാന ഇനങ്ങളായ പൂക്കള മത്സരം, സാഹിത്യസമ്മേളനം, ഓണസദ്യ, ചെന്നൈ പൂരം, കെട്ടുകാഴ്ച, സാംസ്കാരിക പൊതുസമ്മേളനം എന്നിവയോടൊപ്പം സംഗീതരംഗത്തെ പ്രശസ്തർ അവതരിപ്പിക്കുന്ന സംഗീത പരിപാടിയും അരങ്ങേറും.

ആവണിപ്പൂവരങ്ങിനോടനുബന്ധിച്ചു്, താഴെപ്പറയുന്ന വിവിധ ഇനങ്ങളിലേക്ക് നാമനിർദ്ദേശങ്ങളും അപേക്ഷകളും ക്ഷണിക്കുന്നു.

1. **ഭാരതിരാജ സ്കോളർഷിപ്:** കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ (2023-2024) പത്താം ക്ലാസ്സിലെയും പന്ത്രണ്ടാം ക്ലാസ്സിലെയും വാർഷിക പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ തമിഴ്നാട്ടിൽ പഠിക്കുന്ന മലയാളി കുട്ടികൾക്ക്, യശ്ശ:ശരീരയായ സാമൂഹ്യ പ്രവർത്തക ഭാരതിരാജയുടെ ഓർമ്മക്കായ് ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിന് പരിഗണിക്കേണ്ട വിദ്യാർത്ഥികളുടെ അപേക്ഷയും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സെപ്റ്റംബർ 05-ാം തീയതിക്കകം അംഗസംഘടനകൾ അറിവോടെ സി.ടി.എം.എ വെബ്സൈറ്റ് ആയ www.myctma.org വഴി അപേക്ഷിക്കണം.

2. **എം.എ. എബ്രഹാം സ്മാരക പുരസ്കാരം:** കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ (2023-2024) പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും മലയാള ഭാഷയിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ കുട്ടികൾക്ക് യശ്ശ:ശരീരനായ വ്യവസായിയും, സാമൂഹ്യ പ്രവർത്തകനും, സി.ടി. എം.എ-യുടെ സമുന്നത നേതാവുമായിരുന്ന എം. എ. എബ്രഹാമിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിന് പരിഗണിക്കേണ്ട വിദ്യാർത്ഥികളുടെ അപേക്ഷയും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സെപ്റ്റംബർ 05-ാം തീയതിക്കകം അംഗസംഘടനകളുടെ അറിവോടെ സി.ടി.എം.എ വെബ്സൈറ്റ് ആയ www.myctma.org വഴി അപേക്ഷിക്കണം.

3. **സി.ടി.എം.എ. ധനസഹായം:** സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്നവർക്ക് ഓരോ വർഷവും ആവണിപ്പൂവരങ്ങിനോടനുബന്ധിച്ചു 'സാന്ത്വനം നിസ്വാർത്ഥം' പദ്ധതിയിലുൾ പ്പെടുത്തി നൽകിവരുന്ന ധനസഹായത്തിന് പരിഗണിക്കേണ്ട അപേക്ഷകൾ അംഗസംഘടനകൾ മുഖേന സെപ്റ്റംബർ 08-ാം തീയതിക്കകം സി.ടി.എം.എ. യുടെ ഓഫീസിൽ തപാൽ മാർഗ്ഗമോ, നേരിട്ടോ എത്തിക്കണം. വിലാസം: General Secretary, CTMA, # 12/1, First Floor, 5th Cross Street, United India Colony, Kodambakkam, Chennai-24. അപേക്ഷകൾ നൽകുമ്പോൾ സഹായത്തിന് ഏറ്റവും അർഹരായവരെ മാത്രം നിർദ്ദേശിക്കാൻ അംഗസംഘടനകൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

4. **വടംവലി മത്സരം:** ആവണിപ്പൂവരങ്ങിനോടനുബന്ധിച്ചുള്ള കായിക വിനോദ മത്സരമായ വടംവലി ഒക്ടോബർ 05 ശനിയാഴ്ച ഉച്ചക്കുശേഷം 4 മണി മുതൽ നടക്കും. മത്സരത്തിന്റെ കൂടുതൽ വിവരങ്ങളും, നിബന്ധനകളും, അപേക്ഷയും സി.ടി.എം.എ. വെബ്സൈറ്റിൽ ലഭ്യമാണ്. മത്സരത്തിനുള്ള അപേക്ഷകൾ സെപ്റ്റംബർ 08-ാം തീയതിക്കുള്ളിൽ സി.ടി.എം. എ. വെബ്സൈറ്റ് ആയ www.myctma.org വഴി അപേക്ഷിക്കണം.

5. **പ്രവാസീയം:** സി.ടി.എം.എ. അംഗ സംഘടനകളിലെ കലാകാരന്മാർക്ക് / കലാകാരികൾക്ക് അവരുടെ കഴിവുകൾ ആവണിപ്പൂവരങ്ങിന്റെ പ്രധാനവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. പ്രവാസീയം എന്ന പേരിൽ ഒക്ടോബർ 05 വൈകുന്നേരം 5 മണി മുതൽ നടക്കുന്ന ഈ പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ സെപ്റ്റംബർ 08-ാംതീയതിക്കുള്ളിൽ അതത് അംഗസംഘടനകൾ മുഖേന അപേക്ഷകൾ സി.ടി.എം.എ. വെബ്സൈറ്റ് ആയ www.myctma.org വഴി സമർപ്പിക്കേണ്ടതാണ്. സംഘ (GROUP) ഇനങ്ങൾക്കുമാത്രമേ അവതരണാനുമതി നൽകുകയുള്ളൂ.

6. **പൂക്കള മത്സരം:** ഒക്ടോബർ 06 ഞായറാഴ്ച രാവിലെ 8:30 മണിക്ക് സെന്റ് ജോർജ് ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കന്ററി സ്കൂൾ അങ്കണത്തിലാണ് പൂക്കളമത്സരം. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. മത്സരത്തിന്റെ നിബന്ധനകളും പ്രവേശന പത്രികയും സി.ടി.എം.എ വെബ്സൈറ്റിൽ ലഭ്യമാണ്. മത്സരത്തിനുള്ള അപേക്ഷകൾ സെപ്റ്റംബർ 08-ാം തീയതിക്കുള്ളിൽ സി.ടി.എം.എ. വെബ് സൈറ്റ് ആയ www.myctma.org വഴി അപേക്ഷിക്കണം.

7. **ചെന്നൈപൂരം/കെട്ടുകാഴ്ച:**കേരളത്തിന്റെസാംസ്കാരികപൈതൃകം വിളിച്ചോതുന്ന കലാരൂപങ്ങളും, വേഷപ്പകർച്ചകളും ഫ്ളോട്ടുകളുടെ രൂപത്തിൽ അവതരിപ്പിക്കുകയാണ് കെട്ടുകാഴ്ചയുടെ ലക്ഷ്യം. എല്ലാ അംഗസംഘടനകളും കഴിവതും കെട്ടുകാഴ്ചയിൽ പങ്കെടുക്കണം. കെട്ടുകാഴ്ചക്ക് കൊഴുപ്പേകാൻ വാദ്യമേളങ്ങളുടെ അകമ്പടിയുമുണ്ടാകും. കെട്ടുകാഴ്ചയിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന ഫ്ളോട്ടു

കളുടെ പ്രത്യേകതകളും ചരിത്രവും സംഘാടക സമിതിയെ അറിയിക്കുന്നത് നന്ന്. ഏറ്റവും ആകർഷകമായ ഫ്ളോട്ട് അവതരിപ്പിക്കുന്ന രണ്ടു അംഗസംഘടനകൾക്ക് സമ്മാനങ്ങൾ നൽകുന്നതായിരിക്കും അപേക്ഷകൾ സി.ടി.എം.എ. വെബ്സൈറ്റ് ആയ www.myctma.org വഴി സമർപ്പിക്കേണ്ടതാണ് അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 15 ആണ്.

8. **ഡോ. വി പി സിദ്ധൻ സ്മാരക നാടക പുരസ്കാരം:** ചെന്നൈയിലെ നാടകരംഗത്ത് കുലപതിയായിരുന്ന ഡോ. വി പി സിദ്ധന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പുരസ്കാരം നാടക മേഖലയിൽ സ്തുത്യർഹമായ പ്രകടനം കാഴ്ച വച്ചവർക്കു നൽകും. ഇതിനായി ചുമതലപ്പെടുത്തുന്ന പ്രത്യേക സമിതിയായിരിക്കും പുരസ്കാര ജേതാവിനെ തെരഞ്ഞെടുക്കുക.
9. **മേലൂർ ദാമോദരൻ സ്മാരക കവിത പുരസ്കാരം:** സാംസ്കാരിക പ്രവർത്തകനും കവിയും ആവണിപ്പൂവരങ്ങിന്റെ സ്രഷ്ടാക്കളിൽ ഒരാളുമായ മേലൂർ ദാമോദരന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ കവിത പുരസ്കാരത്തിനുള്ള രചനകൾ സെപ്റ്റംബർ 05-ന് മുൻപായി തപാൽ വഴി സി.ടി.എം.എ ഓഫിസിൽ എത്തിക്കണം. വിലാസം: General Secretary, CTMA, # 12/1, First Floor, 5th Cross Street, United India Colony, Kodambakkam, Chennai-24. പ്രസിദ്ധീകരിച്ച രചനകൾ സ്വീകാര്യമല്ല. തമിഴ്നാട്ടിൽ വസിക്കുന്ന ഏതൊരു മലയാളിക്കും രചനകൾ സമർപ്പിച്ചു പുരസ്കാരത്തിനായി പങ്കുചേരാം.
10. **ബാലകൃഷ്ണൻ മാങ്ങാട് സ്മാരക കഥാപുരസ്കാരം:** സാംസ്കാരിക നായകനും മാധ്യമ പ്രവർത്തകനുമായിരുന്നു ബാലകൃഷ്ണൻ മാങ്ങാടിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ കഥാ പുരസ്കാരത്തിനുള്ള രചനകൾ സെപ്റ്റംബർ 05-ന് മുൻപായി തപാലിൽ സി.ടി.എം.എ ഓഫിസിൽ എത്തിക്കേണ്ടതാണ്. വിലാസം: General Secretary, CTMA, # 12/1, First Floor, 5th Cross Street, United India Colony, Kodambakkam, Chennai-24. പ്രസിദ്ധീകരിച്ച രചനകൾ സ്വീകാര്യമല്ല. തമിഴ്നാട്ടിൽ വസിക്കുന്ന ഏതൊരു മലയാളിക്കും രചനകൾ സമർപ്പിച്ചു പുരസ്കാരത്തിനായി പങ്കു ചേരാം.

11. **കെ വി നായർ സ്മാരക സാമൂഹ്യ സേവന പുരസ്കാരം:** സി.ടി.എം.എ-യുടെ പ്രഥമ ജനറൽ സെക്രട്ടറി ആയിരുന്ന കെ. വി. നായരുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ സാമൂഹ്യസേവന പുരസ്കാരത്തിന് അർഹതയുള്ളവർക്കു അപേക്ഷിക്കാം. അപേക്ഷകൻ തമിഴ്നാട്ടിൽ വസിക്കുന്ന സാമൂഹ്യ സേവനരംഗത്ത് പ്രവർത്തിക്കുന്ന മലയാളിയായ വ്യക്തി ആയിരിക്കണം.. അപേക്ഷകൾ സെപ്റ്റംബർ 05-ന് മുൻപായി തപാൽ വഴി സി.ടി.എം.എ ഓഫിസിൽ എത്തിക്കണം. വിലാസം: General Secretary, CTMA, # 12/1, First Floor, 5th Cross Street, United India Colony, Kodambakkam, Chennai-24. മുൻ വർഷങ്ങളിൽ പുരസ്കാരത്തിന് അർഹരായവർ അപേക്ഷിക്കേണ്ടതില്ല.

12. **ടി ഗോപാലൻ നായർ സ്മാരക മാനവസേവാ പുരസ്കാരം:** സി.ടി.എം.എ-യുടെസ്ഥാപകനേതാക്കളിൽഒരാൾആയിരുന്നടിഗോപാലൻ നായരുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ മാനവസേവ പുരസ്കാരത്തിന് അർഹതയുള്ളവർക്കു അപേക്ഷിക്കാം. അപേക്ഷകൻ തമിഴ്നാട്ടിൽ വസിക്കുന്ന മാനവസേവന രംഗത്ത് പ്രവർത്തിക്കുന്ന മലയാളിയായ വ്യക്തി ആയിരിക്കണം. അപേക്ഷകൾ സെപ്റ്റംബർ 05 ന് മുൻപായി തപാൽ വഴി സി.ടി.എം.എ ഓഫിസിൽ എത്തിക്കണം. വിലാസം: General Secretary, CTMA, # 12/1, First Floor, 5th Cross Street, United India Colony, Kodambakkam, Chennai-24. മുൻ വർഷങ്ങളിൽ പുരസ്കാരത്തിന് അർഹരായവർ അപേക്ഷിക്കേണ്ടതില്ല.

www.myctma.org

ആവണിപ്പൂവരങ്ങ്-2024

'വയനാടിനൊരു സ്നേഹസ്പർശം...'

A FUND RAISING EVENT BY CTMA FOR WAYANAD REHABILITATION

**നിബന്ധനകളും നിയമങ്ങളും:**

# പ്രവാസീയം

സി.ടി.എം.എ അംഗസംഘടനകളിലെ കലാപ്രവർത്തകർക്ക് അവരുടെ കഴിവുകൾ ആവണിപ്പൂവരങ്ങിന്റെ പ്രധാനവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുകയാണ് പ്രവാസീയം എന്ന പരിപാടിയിലൂടെ.

1. സി.ടി.എം.എ അംഗസംഘടനകളെ പ്രതിനിധീകരിക്കുന്ന ടീമുകളാണ് പ്രവാസീയത്തിൽ പങ്കെടുക്കേണ്ടത്. സംഘ ഇനങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ. വ്യക്തിഗത ഇനങ്ങൾ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഒരു സംഘടനയിൽ നിന്നും ഒരു ടീമിനെ മാത്രമേ പരിഗണിക്കൂ.

2. രജിസ്ട്രേഷനുള്ള അവസാനതീയതി 2024 സെപ്റ്റംബർ 8 ആണ്.

3. 2024 ഒക്ടോബർ 5, ശനിയാഴ്ച വൈകീട്ട് 5 മണി മുതൽ ആവണിപ്പൂവരങ്ങ് വേദിയായ സെന്റ്. ജോർജ്ജ് ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കന്ററി സ്കൂൾ മൈതാനത്ത് ഒരുക്കുന്ന പ്രത്യേക വേദിയിലായിരിക്കും പ്രവാസീയം കലാപരിപാടികൾ നടക്കുക.

4. 2024 ഒക്ടോബർ 5, ശനിയാഴ്ച വൈകീട്ട് 4 മണിക്ക് മുമ്പായി ടീം അംഗങ്ങൾ വേദിയിൽ ഹാജരാവേണ്ടതാണ്.

5. രജിസ്റ്റർ ചെയ്തവരിൽനിന്നും പങ്കെടുക്കുന്നതിനുള്ള ടീമുകളെ തെരഞ്ഞെടുക്കാനുള്ള അധികാരം സംഘാടകരിൽ നിക്ഷിപ്തമായിരിക്കും.

6. പരമാവധി 7 മിനിറ്റ് ആണ് ഒരു പരിപാടിക്കായി അനുവദിക്കുക.

7. മേൽപ്പറഞ്ഞ നിയമങ്ങളിൽ മാറ്റം വരുത്തുവാനോ, പരിപാടിയുടെ മറ്റേത് കാര്യങ്ങളിലും അന്തിമ തീരുമാനം എടുക്കാനോ സി.ടി.എം.എ ആവണിപ്പൂവരങ്ങ് 2024 സംഘാടകസമിതിക്ക് അധികാരം ഉണ്ടായിരിക്കും.

# പൂക്കളമത്സരം

1. സി.ടി.എം.എ അംഗസംഘടനകളെ പ്രതിനിധീകരിക്കുന്ന ടീമുകളാണ് പൂക്കളമത്സരത്തിൽ പങ്കെടുക്കേണ്ടത്.

2. ഒരു ടീമിൽ പരമാവധി 5 പേരിൽ കൂടുതൽ അംഗങ്ങൾ ഉണ്ടാവാൻ പാടില്ല. ഒരു സംഘടനയിൽ നിന്നും ഒരു ടീമിനെ മാത്രമേ പരിഗണിക്കൂ.

3. രജിസ്ട്രേഷനുള്ള അവസാനതീയതി 2024 സെപ്റ്റംബർ 8 ആണ്.

4. 2024 ഒക്ടോബർ 6, ഞായറാഴ്ച രാവിലെ 8:30 മുതൽ ഉച്ചക്ക് 11:30 മണിവരെ, ആവണിപ്പൂവരങ്ങ് വേദിയായ സെന്റ്. ജോർജ്ജ് ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കന്ററി സ്കൂൾ മൈതാനത്ത് ഒരുക്കുന്ന പ്രത്യേക സ്ഥലത്തായിരിക്കും പൂക്കളമത്സരം നടക്കുക.

5. മത്സരദിവസം രാവിലെ 8 മണിക്ക് മുമ്പായി ടീം അംഗങ്ങൾ മത്സര സ്ഥലത്ത് ഹാജരാവേണ്ടതാണ്.

6. രജിസ്റ്റർ ചെയ്തവരിൽനിന്നും മത്സരത്തിനുള്ള ടീമുകളെ തെരഞ്ഞെടുക്കാനുള്ള അധികാരം സംഘാടകരിൽ നിക്ഷിപ്തമായിരിക്കും.

7. പൂക്കളം ഒരുക്കുന്നതിന്, ഒരു ടീമിന് 2x2 മീറ്റർ (4 sq. mtr) സ്ഥലം അനുവദിക്കും. പൂക്കളത്തിന്റെ വ്യാസം കൃത്യം 6 അടിയിൽ (6 feet) അധികമാവരുത്.

8. പ്രകൃതിദത്തമായ പൂക്കളും ഇലകളും മാത്രമേ മത്സരത്തിന് ഉപയോഗിക്കാവൂ. മണൽ, ഉപ്പ്, കൃത്രിമ കളർ പൊടികൾ തുടങ്ങിയവ ഉപയോഗിക്കാൻ പാടില്ല.

9. പൂക്കളത്തിന്റെ രൂപരേഖ വരക്കുവാൻ ചോക്ക്, മാർക്കർ പേന, സ്കെച്ച് പേന, പെൻസിൽ എന്നിവ ഉപയോഗിക്കാം. പൂക്കളം വരക്കുവാനായി മുൻകൂട്ടി തയ്യാറാക്കിയ സ്റ്റിക്കറുകളോ, ടെംപ്ലേറ്റുകളോ ഉപയോഗിക്കരുത്.

10. പൂക്കളം അലങ്കരിക്കാനായി കുത്തുവിളക്ക്, നിറപറ, ചിരാതുകൾ മുതലായവ ഉപയോഗിക്കരുത്.

11. മത്സരസമയത്ത് അച്ചടക്കവും നിശ്ശബ്ദതയും പാലിക്കേണ്ടതാണ്.

12. പൂക്കൾ തയ്യാറാക്കുന്നതിനും മറ്റുമായി പ്രത്യേക സ്ഥലം അനുവദിക്കുന്നതാണ്.

13. പൂക്കളം ഒരുക്കിയതിനുശേഷം, പരിസരം വൃത്തിയാക്കുന്നതിനായി എല്ലാ ടീമിനും 5 മിനിട്ട് സമയം അനുവദിക്കുന്നതാണ്.

14. കൃത്യം 11:35-നു തന്നെ വിധികർത്താക്കളുടെ വിലയിരുത്തലുകൾക്കായി ടീമുകൾ എല്ലാം മത്സരസ്ഥലം ഒഴിഞ്ഞു കൊടുക്കേണ്ടതാണ്.

15. പൂക്കളത്തിന്റെ അടുത്തായി, സംഘാടകർ നൽകുന്ന നമ്പർ കാർഡ് നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതാണ്.

16. വിധിനിർണ്ണയവേളയിൽ സംഘടനയുടെയോ വ്യക്തികളുടെയോ പേരു വെളിപ്പെടുത്തുന്ന രീതിയിലുള്ള അടയാളങ്ങളൊന്നും തന്നെ പൂക്കളത്തിനടുത്ത് ഉണ്ടാകുവാൻ പാടില്ല.

17. വിലയിരുത്തലുകൾക്കായി ഏകദേശം 2 മണിക്കൂർ സമയം എടുക്കുന്നതാണ്. അന്നേദിവസം തന്നെ മത്സരഫലം പ്രഖ്യാപിക്കുന്നതും, സമ്മാനവിതരണം നടത്തുന്നതുമാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന വിജയികൾക്ക് സമ്മാനങ്ങൾ നൽകും.

18. മേൽപ്പറഞ്ഞ നിയമങ്ങളിൽ മാറ്റം വരുത്തുവാനോ, മത്സരത്തിന്റെ മറ്റേത് കാര്യങ്ങളിലും അന്തിമ തീരുമാനം എടുക്കാനോ സി.ടി.എം.എ ആവണിപ്പൂവരങ്ങ് 2024 സംഘാടകസമിതിക്ക് അധികാരം ഉണ്ടായിരിക്കും.

# കെട്ടുകാഴ്ച

കേരളത്തിന്റെ സാംസ്ക്കാരിക പൈതൃകം വിളിച്ചോതുന്ന കലാരൂപങ്ങളും വേഷപ്പകർച്ചകളും ഫ്ളോട്ടുകളുടെ രൂപത്തിൽ അവതരിപ്പിക്കുകയാണ് കെട്ടുകാഴ്ചയിലൂടെ. ചെന്നൈയിലുള്ള അംഗസംഘടനകൾ എല്ലാവരും കഴിവതും കെട്ടുകാഴ്ചയിൽ പങ്കെടുക്കണം. ഒരു സംഘടനയിൽ നിന്നും ഒരു ടീമിനെ മാത്രമേ പരിഗണിക്കൂ. കെട്ടുകാഴ്ചക്ക് കൊഴുപ്പേകാൻ വാദ്യമേളങ്ങളുടെ അകമ്പടിയുമുണ്ടാകും. കെട്ടുകാഴ്ചയിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന ഫ്ളോട്ടുകളുടെ പ്രത്യേകതകളും ചരിത്രവും സംഘാടക സമിതിയെ അറിയിക്കണം. ഏറ്റവും ആകർഷകമായ

ഫ്ളോട്ട് അവതരിപ്പിക്കുന്ന മൂന്ന് അംഗസംഘടനകൾക്ക് സമ്മാനങ്ങൾ നൽകും. രജിസ്ട്രേഷനുള്ള അവസാനതീയതി 2024 സെപ്റ്റംബർ 15 ആണ്.

# Tug of War

1. Participants should be a member of an association affiliated to CTMA.

2. Only one team from an association will be allowed.

3. Details of one reserve participant can also be given by each association.

4. Tug-of-War will be held at Aavanippoovarangu venue on 2024 October 5, 4 pm.

5. Each team can accommodate a maximum of 7 players, +2 substitutes and +1 manager.

6. Tugging of rope will be waist level in standing position only.

7. Team should Report at Ground at 3 pm sharp on 5/10/2024 for draw of fixtures.

8. Team Managers to ensure Team members are physically fit and free of medical ailment since this sport is very strenuous.

9. Cleats, Boots and Spikes are not allowed. Participants may use shoes, back, elbow and knee supports as well as belts to support the back. Team jersey is optional.

10. Judges (Referees) decision will be final to select the winning team.

11. Reserves the right to change, modify or adopt all rules as deemed appropriate by Referee to uphold and maintain the spirit of overall fairness and good sportsmanship.

12. Last Date for Registration will be 2024 September 8.